ഉത്തരം

(എ) 2004-2005-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ 4,600 കോടി രൂപയാണ്. പൊതുതെരഞ്ഞെടുപ്പ് കാരണം പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) 2003-2004-ലെ വാർഷിക പദ്ധതിക്കായി 4,430.25 കോടി രൂപയുടെ അടങ്കലാണ് നിശ്ചയിച്ചിരുന്നതെങ്കിലും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം 3,796.23 കോടി രൂപയായി പുനർനിർണ്ണയം ചെയ്യുകയുണ്ടായി.

(സി) പുതുക്കി നിശ്ചയിച്ച അടങ്കലിൽ, 31-3-2004 വരെ, താൽക്കാലിക കണക്കനുസരിച്ച് 3,557.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2004 മാർച്ച് 31 വരെ ചെലവഴിച്ച തുക പുതുക്കി നിശ്ചയിച്ച അടങ്കലിന്റെ 94 ശതമാനം എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ ആന്റ് എഫ്) 2003-2004 വാർഷിക പദ്ധതിയിൽ ഓരോ മേഖലയുടെ വികസനത്തിനായി നീക്കിവച്ച വിഹിതവും, ചെലവും അതിന്റെ ശതമാനവും, 2004-2005 വാർഷിക പദ്ധതിക്ക് മേഖലാടിസ്ഥാനത്തിൽ നീക്കി വച്ചിട്ടുള്ള വിഹിതവും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരുടെ റിട്ടയർമെന്റ് പ്രായം

18 [816] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ:
,, എ. കെ. മണി:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം പറ്റുന്ന വിവിധ വിഭാഗം ഉദ്യോഗസ്ഥൻമാരുടെ റിട്ടയർമെന്റ് പ്രായം എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വിഭാഗത്തിൽപ്പെടുന്ന സർക്കാരുദ്യോഗസ്ഥന്മാരുടെ പെൻഷൻ പ്രായം ഏകീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ പരിപാടിയുണ്ടോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	(1)	അഖിലേന്ത്യാ സർവ്വീസ്, കേന്ദ്ര സർവ്വീസ് എന്നിവ	..	60 വയസ്സ്
	(2)	ഹൈക്കോടതി ജഡ്ജി	..	62 ,,
	(3)	സബോർഡിനേറ്റ് ജുഡീഷ്യൽ ഓഫീസർ	..	58 ,,
	(4)	പാർട്ട് ടൈം കണ്ടിൻജന്റ് വിഭാഗം ജീവനക്കാർ	..	70 ,,
	(5)	7-4-1970-ൽ ലാസ്റ്റ് ഗ്രേഡ് റഗുലർ സർവ്വീസിലുണ്ടായിരുന്നവരും അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ	..	60 ,,
	(6)	1-4-1965-നും 7-4-1970-നും ഇടയ്ക്ക് ഫുൾടൈം കണ്ടിൻജന്റ് തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരും 7-4-1970-നു ശേഷം റഗുലർ തസ്തികയിലെത്തിയവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ	..	60 ,,
	(7)	7-4-1970-നുമുമ്പ് വില്ലേജ്മാനായി സർവ്വീസിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്ന ജീവനക്കാർ	..	60 ,,
	(8)	7-4-1970-നുമുമ്പ് മിലിട്ടറി സർവ്വീസിലോ ആസാം റൈഫിൾസിലോ സേവനം അനുഷ്ഠിച്ചവരും 7-4-1970-നു ശേഷം സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ	..	60 ,,
	(9)	7-4-1970-നുമുമ്പ് മിലിട്ടറി സർവ്വീസിലുണ്ടായിരുന്നവരും അതിനുശേഷം സർക്കാർ സർവ്വീസിൽ വില്ലേജ്മാനായി നിയമിക്കപ്പെട്ട് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ	..	60 ,,
	(10)	മറ്റു വിഭാഗക്കാർ	..	55 ,,

(ബി ആന്റ് സി) ഇല്ല.

മാറാട് സംഭവത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

19 [818] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവത്തെ തുടർന്ന് ഗവൺമെന്റുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly